# പതിനാലാം കേരള നിയമസഭ

## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 783 — 29/11/2018 ൽ മറുപടിക്ക്

ഗുരുവായൂർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ നിയമനം

ചോദ്യം — മറുപടി

ശ്രീ.കെ.മുരളീധരൻ — ശ്രീ. കടകംപള്ളി സുരേന്ദ്രൻ (സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഗുരുവായൂർ ദേവസ്വത്തിൽ ഏതൊക്കെ തസ്തികകളിൽ എത്ര പേർക്ക് സ്ഥിരം നിയമനം നൽകുന്നതിനാണ് നിലവിലുള്ള മാനേജിംഗ് കമ്മിറ്റി തീരുമാനം എടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | 10 വർഷം പൂർത്തിയാക്കിയ താൽക്കാലിക ജീവനക്കാരെ അതാത് തസ്തികളിൽ പലപ്പോഴായി സ്ഥിരപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടുന്നവരും 10 വർഷം സർവ്വീസ് പൂർത്തിയാക്കിയവരും മറ്റ് ജോലികൾക്ക് അപേക്ഷിക്കാനുള്ള പ്രായപരിധി കഴിഞ്ഞവരുമടക്കം എഴുപതോളം ജീവനക്കാർ ഇപ്പോഴും താൽക്കാലികാടിസ്ഥാനത്തിൽ പ്രവർത്തിയെടുത്തു വരുന്നുണ്ട്. യാതൊരു സർവ്വീസ് ആനുകൂല്യങ്ങളുമില്ലാതെ ഇത്രയും കാലം ദേവസ്വത്തിൽ ആത്മാർത്ഥമായി സേവനമനുഷ്ഠിച്ച ഇവരെ മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ അതാത് തസ്തികകളിൽ സ്ഥിരപ്പെടുത്തേണ്ടതാണെന്ന് ഭരണസമിതി വിലയിരുത്തുകയും ഇതനുസരിച്ച് 30.06.2018 ന് 10 വർഷം തികഞ്ഞ താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുവാൻ ഗുരുവായൂർ ദേവസ്വം കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ബി) | സ്ഥിരം നിയമനം നൽകുന്നവരിൽ എത്ര പേർ ദേവസ്വത്തിൽ അനുവദനീയമായ തസ്തികകളിൽ ജോലി ചെയ്യുന്നവരുണ്ട്; ഇതിൽ എത്ര പേർ നിയമന നടപടിക്രമം പാലിച്ചുകൊണ്ട് നിയമനം നേടിയിട്ടുണ്ട് എന്ന കാര്യം വ്യക്തമാക്കാമോ; | (ബി) | സ്ഥിര നിയമനം നല്കുന്നവരിൽ എല്ലാവരും 2015 റെഗുലേഷൻ പ്രകാരം ദേവസ്വത്തിൽ അനുവദനീയമായ തസ്തികകളിൽ ജോലി ചെയ്യുന്നവരാണ്. ആയതിൽ ഡെപ്യൂട്ടി സിസ്റ്റം അഡ്മിനിസ്ട്രേറ്റർ തസ്തിക പഴയ റെഗുലേഷനിൽ ഉൾപ്പെടാത്തതും അതത് സമയത്ത് ദേവസ്വം കമ്മീഷണറുടെ താല്ക്കാലിക അനുമതി വാങ്ങി നിയമനം നടത്തിയതുമാണ്. നിലവിൽ ഈ തസ്തിക 2015 റെഗുലേഷനിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. ക്ലാസ്-4 ജീവനക്കാരും, രണ്ടോ മൂന്നോ ക്ലാസ്-3 ജീവനക്കാരും ഒഴികെ എല്ലാവരും നിയമന നടപടിക്രമം പാലിച്ചു കൊണ്ട് നിയമനം നേടിയവരാണ്. |

| | | | |
|---|---|---|---|
| (സി) | ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതിന് മുൻപ് ഉണ്ടായിരുന്ന നിയമന നടപടിക്രമം പാലിച്ചുകൊണ്ട് നിയമനം നേടിയവരെയും മറ്റ് തസ്തികകളിലേക്ക് അപേക്ഷിക്കാൻ കഴിയാത്ത വിധം പ്രായപരിധി കഴിഞ്ഞവരെയും മാനുഷിക പരിഗണന നൽകി സ്ഥിര നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | ഭരണസമിതി ഈ വിഷയത്തിൽ പ്രത്യേക തീരുമാനമൊന്നും എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ